ഉത്തരം

(എ, ബി) ഇപ്പോൾ പരിഗണനയിലില്ല.

ഒ. വൈ. ഇ. സി. കണക്ഷനുകൾക്ക് അടയ്ക്കേണ്ട തുകയിൽ ഇളവു വരുത്തുന്ന നടപടി

41 [2030] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക-കാർഷിക കണക്ഷനുകൾക്ക് മിനിമം ഗ്യാരൻറി വ്യവസ്ഥകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഒ. വൈ. ഇ. സി. കണക്ഷനുകൾക്ക് അടയ്ക്കേണ്ട തുകയിൽ നിലവിൽ ഈടാക്കുന്ന മെറ്റീരിയൽ കോസ്റ്റ്, ഡവലപ്മെൻറ് ചാർജ്, സൂപ്പർവിഷൻ ചാർജ് എന്നിവ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ തുകയിൽ ഇളവു വരുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ഡി) നിലവിൽ ഒ. വൈ. ഇ. സി. സ്കീമിൽ പണം അടച്ചാൽ എത്ര ദിവസത്തിനകം കണക്ഷൻ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗാർഹിക ഉപഭോക്താക്കൾക്കും കാർഷിക ഉപഭോക്താക്കൾക്കും മിനിമം ഗ്യാരണ്ടി ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 21% ഡിപ്പാർട്ടുമെൻറൽ ചാർജും 20% ഡെവലപ്മെൻറ് ചാർജുമാണ് ഉൾപ്പെടുന്നത്.

(സി) മെറ്റീരിയൽ കോസ്റ്റും 10% സൂപ്പർവിഷൻ ചാർജും മാത്രം ഈടാക്കി ഒ. വൈ. ഇ. സി. തുക നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശം എസ്. ഇ. ആർ. സി.-ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ഡി) സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ കാലതാമസം ഇല്ലാതെ കണക്ഷൻ നൽകിവരുന്നുണ്ട്.

പൊറത്തശ്ശേരി–ചേന്ദമംഗലൂർ ഹൈസ്ക്കൂൾ റോഡിലെ വോൾട്ടേജ് ക്ഷാമം

42 [2031] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ മുക്കം സെക്ഷൻറെ കീഴിലുള്ള പൊറത്തശ്ശേരി–ചേന്ദമംഗലൂർ ഹൈസ്ക്കൂൾ റോഡ് ഭാഗത്തെ വോൾട്ടേജ് ക്ഷാമം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly